**മൂപ്പന്മാർക്കും**
**ഉത്തരവാദിത്തപ്പെട്ടവർക്കുമുള്ള**
**അന്തർദേശീയ പരിശീലനം**
നവംബർ 2025

**പൊതുവിഷയം:**
**മത്തായി 5 മുതൽ 7 വരെയുള്ള അധ്യായങ്ങളുടെ നിർണയാക വശങ്ങൾ**

ദൂത് അഞ്ച്

**രഹസ്യത്തിലുള്ള തങ്ങളുടെ സ്വർഗീയ പിതാവിൽനിന്നും ഏതാനും രഹസ്യ ആസ്വാദനം ഉണ്ടായിരിക്കുന്നതിന് അവനെ ബന്ധപ്പെടുവാൻ സ്വകാര്യമായി പ്രാർഥിക്കുന്നതിന്റെ അനുഭവമുള്ള രാജ്യജനം**

NL/EC *Hymns*: ML161

തിരുവെഴുത്ത് വായന: യെശ. 37:31; മത്താ. 6:5-6; 14:22-23; സങ്കീ. 42:7; വാ. 4:12

യെശ. 37:31 യെഹൂദാഗൃഹത്തിൽ രക്ഷപ്പെട്ട ഒരു ശേഷിപ്പു വീണ്ടും താഴേ വേരൂന്നി മീതെ ഫലം കായിക്കും.

മത്താ. 6:5 നിങ്ങൾ പ്രാർഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുത്, കാരണം അവർ മനുഷ്യർ കാണുവാൻ തക്കവണ്ണം സിനഗോഗുകളിലും തെരുക്കോണുകളിലും നിന്നുകൊണ്ടു പ്രാർഥിക്കുവാൻ പ്രിയപ്പെടുന്നു. അവരുടെ പ്രതിഫലം അവർക്കു പൂർണമായി ലഭിച്ചിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 6:6 എന്നാൽ നീ, പ്രാർഥിക്കുമ്പോൾ, നിന്റെ സ്വകാര്യമുറിയിലേക്കു പ്രവേശിച്ച്, നിന്റെ വാതിൽ അടച്ചു, രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർഥിക്കുക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു മടക്കിത്തരും.

മത്താ. 14:22 ഉടനെ അവൻ പുരുഷാരത്തെ പറഞ്ഞയയ്ക്കവേ, ശിഷ്യന്മാരോട് പടകിൽ കയറി തനിക്കു മുമ്പേ അക്കരെ പോകുവാൻ നിർബന്ധിച്ചു.

മത്താ. 14:23 പുരുഷാരത്തെ അയച്ചശേഷം, അവൻ പ്രാർഥിക്കുവാൻ സ്വകാര്യമായി മലയിലേക്കു കയറിപ്പോയി. രാത്രി ആയപ്പോൾ അവൻ അവിടെ തനിയെ ആയിരുന്നു.

സങ്കീ. 42:7 നിന്റെ നീർച്ചാട്ടങ്ങളുടെ ഇരെച്ചലാൽ ആഴി ആഴിയെ വിളിക്കുന്നു; നിന്റെ ഓളങ്ങളും തിരമാലകളുമെല്ലാം എന്റെ മീതെ കടന്നുപോകുന്നു.

ഉത്ത. 4:12 എന്റെ സഹോദരി, എന്റെ കാന്ത കെട്ടി അടച്ചിരിക്കുന്ന ഒരു തോട്ടം, അടച്ചിരിക്കുന്ന ഒരു നീരുറവു, മുദ്രയിട്ടിരിക്കുന്ന ഒരു കിണറു.

**I. "നിങ്ങൾ പ്രാർഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുത്, കാരണം അവർ മനുഷ്യർ കാണുവാൻ തക്കവണ്ണം സിനഗോഗുകളിലും തെരുക്കോണുകളിലും നിന്നുകൊണ്ടു പ്രാർഥിക്കുവാൻ പ്രിയപ്പെടുന്നു. അവരുടെ പ്രതിഫലം അവർക്കു പൂർണമായി ലഭിച്ചിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.എന്നാൽ നീ, പ്രാർഥിക്കുമ്പോൾ,**

**നിന്റെ സ്വകാര്യമുറിയിലേക്കുപ്രവേശിച്ച്, നിന്റെ വാതിൽ അടച്ചു,രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർഥിക്കുക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു മടക്കിത്തരും"—മത്താ. 6:5-6:**

A. നമ്മുടെ *സ്വകാര്യ* മുറിയിലും നമ്മുടെ വാതിൽ അടച്ചകൊണ്ടും പ്രാർഥിക്കുന്നതിന്റെ അനുഭവം നമുക്ക് ആവശ്യമാണ്; നമ്മുടെ പിതാവ് രഹസ്യത്തിലായിരിക്കുകയും, അവൻ *രഹസ്യത്തിൽ കാണുകയും* ചെയ്യുന്നു; സ്വർഗീയ പിതാവിന്റെ മക്കളെന്ന നിലയിൽ രാജ്യജനം പിതാവിന്റെ രഹസ്യവും മറഞ്ഞിരിക്കുന്നതുമായ സാന്നിധ്യത്തിൽ ജീവിക്കുകയും അതിനായി കരുതുകയും വേണം.

B. ശൂന്യമാക്കപ്പെട്ടതും താഴ്മയുള്ളതുമായ ആത്മാവിൽ ജീവിക്കുകയും രാജ്യത്തിന്റെ സ്വർഗീയ ഭരണത്തിൻകീഴിൽ ശുദ്ധവും ഏകാഗ്രവുമായ ഒരു ഹൃദയത്തിൽ നടക്കുകയും ചെയ്യുന്ന രാജ്യജനം, മനുഷ്യരുടെ പുകഴ്ചയ്ക്കായി ജഡത്തിൽ യാതൊന്നും ചെയ്യുവാൻ അനുവദിക്കപ്പെടുന്നില്ല, മറിച്ച് എല്ലാ കാര്യങ്ങളും അവരുടെ സ്വർഗീയ പിതാവിനെ പ്രസാദിപ്പിക്കുന്നതിനായി ആത്മാവിൽ ചെയ്യണം.

C. രഹസ്യത്തിൽ നാം പ്രാർഥിക്കുന്നതിന്റെ ഫലം ജഡവും സ്വയവും കൊല്ലപ്പെടുന്നു എന്നതാണ്; സമൂഹത്തിലും അധഃപതിച്ച ക്രൈസ്തവലോകത്തിലുമുള്ള ആളുകളെ അവരുടെ നല്ല പ്രവൃത്തികളുടെ ഒരു പ്രദർശനം നടത്തുവാൻ അനുവദിക്കുന്നില്ലെങ്കിൽ, അവർ അവ ചെയ്യുകയില്ല; സ്വയം മഹത്വീകരിക്കപ്പെടുവാൻ ഇഷ്ടപ്പെടുന്നു, ജഡം കാണപ്പെടുവാൻ ഇഷ്ടപ്പെടുന്നു.

D. നമുക്കെല്ലാവർക്കും ജീവനിൽ ഏതാനും രഹസ്യ വളർച്ചയും ഏതാനും രഹസ്യ ക്രിസ്താനുഭവങ്ങളും ആവശ്യമാണ്; നാം രഹസ്യമായ രീതിയിൽ കർത്താവിനോട് പ്രാർഥിക്കുകയും, കർത്താവിനെ ആരാധിക്കുകയും, കർത്താവിനെ ബന്ധപ്പെടുകയും, കർത്താവുമായി കൂട്ടായ്മ ആചരിക്കുകയും വേണം.

E. നാം വളരെയധികം പ്രാർഥിക്കണം, എന്നാൽ നാം എത്രമാത്രം പ്രാർഥിക്കുന്നുവെന്ന് മറ്റുള്ളവരെ അറിയിക്കരുത്; മറ്റുള്ളവരോട് പറയാതെയോ അതിനെക്കുറിച്ച് അവരെ അറിയിക്കാതെയോ നാം എല്ലാ ദിവസവും പ്രാർഥിക്കുന്നുവെങ്കിൽ, അതർഥമാക്കുന്നത് നാം ആരോഗ്യമുള്ളവരും നാം വളർന്നുകൊണ്ടിരിക്കുന്നവരും ആകുന്നു എന്നാണ്.

F. രഹസ്യത്തിലുള്ള തങ്ങളുടെ സ്വർഗീയ പിതാവിനെ ബന്ധപ്പെട്ടുകൊണ്ടും, പിതാവുമായുള്ള ഏതാനും രഹസ്യ ആസ്വാദനം അനുഭവിച്ചുകൊണ്ടും, അവനിൽനിന്നും ഏതാനും രഹസ്യ ഉത്തരം സ്വീകരിച്ചുകൊണ്ടും രാജ്യജനത്തിന് അവരുടെ സ്വകാര്യ മുറിയിൽ പ്രാർഥനയുടെ ഏതാനും അനുഭവം ഉണ്ടായിരിക്കണം—വാ. 6.

മത്താ. 6:6 — എന്നാൽ നീ, പ്രാർഥിക്കുമ്പോൾ, നിന്റെ സ്വകാര്യമുറിയിലേക്കു പ്രവേശിച്ച്, നിന്റെ വാതിൽ അടച്ചു, രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർഥിക്കുക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു മടക്കിത്തരും.

G. നമ്മുടെ നീതിപ്രവൃത്തികളിൽ നാം നമ്മെത്തന്നെ പ്രദർശിപ്പിക്കുമ്പോഴെല്ലാം, നാം ആരോഗ്യമുള്ളവരല്ല; ഇങ്ങനെയുള്ള ഒരു പ്രദർശനം ജീവനിലുള്ള നമ്മുടെ വളർച്ചയെ വളരെയധികം തടസ്സപ്പെടുത്തുന്നു.

H. നമ്മുടെ മനുഷ്യജീവിതം ഒരു പ്രദർശനം, ഒരു പരസ്യ പ്രദർശനം നടത്തുവാൻ ഇഷ്ടപ്പെടുന്നു, എന്നാൽ ദൈവത്തിന്റെ ജീവൻ എല്ലായ്പോഴും മറഞ്ഞിരിക്കുന്നു; ഉള്ളിൽ ഒന്നും ഇല്ലാതെ ഒരു ബാഹ്യ പ്രകടനമുള്ള ഒരുവനാണ് ഒരു കപടഭക്തൻ.

I. നമ്മുടെ സ്വാഭാവിക ജീവനിൽ നമുക്കൊരിക്കലും രഹസ്യത്തിൽ മറഞ്ഞിരിക്കുന്ന ഒരു ജീവിതം നയിക്കുവൻ കഴിയുകയില്ല; അത്, ഒരു പ്രദർശനം നടത്തുന്നത് ആസ്വദിക്കാത്ത ദിവ്യജീവനിൽ മാത്രമേ സാധ്യമാകുകയുള്ളൂ; രാജ്യജനമായിരിക്കുന്നതിനെക്കുറിച്ച് നാം ഗൗരവമുള്ളവരാണെങ്കിൽ, നമ്മുടെ പിതാവിന്റെ മറഞ്ഞിരിക്കുന്ന ജീവനാൽ ജീവിക്കുവാൻ നാം പഠിക്കണം.

**II. സ്വകാര്യമായി പ്രാർഥിക്കുവാൻ കർത്താവ് മലയിലേക്ക് പോയതിൽ അവൻ ഒരു രഹസ്യ ജീവിതം നയിച്ചതിന്റെ മാതൃകയിൽനിന്നും നാം പഠിക്കേണ്ടതാവശ്യമാണ്—14:23; പ്ര.നി. ലൂക്കൊ. 6:12:**

മത്താ. 14:23 പുരുഷാരത്തെ അയച്ചശേഷം, അവൻ പ്രാർഥിക്കുവാൻ സ്വകാര്യമായി മലയിലേക്കു കയറിപ്പോയി. രാത്രി ആയപ്പോൾ അവൻ അവിടെ തനിയെ ആയിരുന്നു.

ലൂക്കൊ. 6:12 ഈ നാളുകളിൽ അവൻ പ്രാർഥിക്കുവാനായി മലയിലേക്കു പോയി, രാത്രി മുഴുവൻ ദൈവത്തോടു പ്രാർഥനയിൽ ചെലവഴിച്ചു.

A. കർത്താവ് ജനക്കൂട്ടത്തോടൊപ്പം അത്ഭുതത്തിന്റെ (സ്ത്രീകളെയും കുട്ടികളെയും കൂടാതെ അയ്യായിരം മനുഷ്യരെ പോഷിപ്പിച്ച അത്ഭുതം) അനന്തരഫലത്തിൽ തങ്ങിയില്ല, മറിച്ച് മലയിൽ പിതാവിനോടുകൂടെ സ്വകാര്യമായി പ്രാർഥനയിലായിരിക്കുവാൻ അവൻ അവരെ വിട്ടുപോയി—മത്താ. 14:14-23:

മത്താ. 14:14 അവൻ പോകവേ, വലിയൊരു പുരുഷാരത്തെ കണ്ടു, അവന് അവരോടു മനസ്സലിവുണ്ടാകുകയും അവരുടെ രോഗികളെ സൗഖ്യമാക്കുകയും ചെയ്തു.

മത്താ. 14:15 വൈകുന്നേരം ആയപ്പോൾ ശിഷ്യന്മാർ, ഈ സ്ഥലം വിജനമാകുന്നു, നാഴിക ഇതിനകം വൈകിയുമിരിക്കുന്നു. പുരുഷാരം ഗ്രാമങ്ങളിലേക്കു പോയി തങ്ങൾക്കുള്ള ഭക്ഷണം വാങ്ങുവാൻ തക്കവണ്ണം അവരെ പറഞ്ഞയയ്ക്കേണം എന്നു പറഞ്ഞുകൊണ്ട് അവന്റെ അടുക്കൽ വന്നു.

മത്താ. 14:16 എന്നാൽ യേശു അവരോട്, അവർ പോകേണ്ട ആവശ്യമില്ല. നിങ്ങൾ അവർക്കു വല്ലതും ഭക്ഷിക്കുവാൻ കൊടുക്കുവിൻ എന്നു പറഞ്ഞു.

മത്താ. 14:17 അഞ്ച് അപ്പവും രണ്ടു മീനും അല്ലാതെ ഇവിടെ ഞങ്ങൾക്കൊന്നുമില്ല എന്നു അവർ അവനോടു പറഞ്ഞു.

മത്താ. 14:18 അവൻ അവരോട്, അവയെ ഇവിടെ എന്റെ അടുക്കൽ കൊണ്ടു വരുവിൻ എന്നു പറഞ്ഞു.

മത്താ. 14:19 പുരുഷാരത്തോട് പുല്ലിന്മേൽ ഭക്ഷണത്തിന് ഇരിക്കുവാൻ കൽപ്പിച്ച ശേഷം, അവൻ അഞ്ച് അപ്പവും രണ്ടു മീനും എടുത്തു, സ്വർഗത്തിലേക്കു നോക്കിക്കൊണ്ട് അപ്പത്തെ അനുഗ്രഹിച്ച്, നുറുക്കി ശിഷ്യന്മാർക്കും, ശിഷ്യന്മാർ പുരുഷാരത്തിനും കൊടുത്തു.

മത്താ. 14:20 അവർ എല്ലാവരും ഭക്ഷിച്ചു തൃപ്തരായി. നുറുക്കുകളിൽ ശേഷിച്ചവയെ, അവർ പന്ത്രണ്ടു ചെറുകുട്ടകൾ നിറയെ എടുത്തു.

മത്താ. 14:21 ഭക്ഷിച്ചവരോ സ്ത്രീകളെയും കുട്ടികളെയും കൂടാതെ ഏകദേശം അയ്യായിരം പുരുഷന്മാർ ആയിരുന്നു.

മത്താ. 14:22 ഉടനെ അവൻ പുരുഷാരത്തെ പറഞ്ഞയയ്ക്കവേ, ശിഷ്യന്മാരോട് പടകിൽ കയറി തനിക്കു മുമ്പേ അക്കരെ പോകുവാൻ നിർബന്ധിച്ചു.

മത്താ. 14:23 പുരുഷാരത്തെ അയച്ചശേഷം, അവൻ പ്രാർഥിക്കുവാൻ സ്വകാര്യമായി മലയിലേക്കു കയറിപ്പോയി. രാത്രി ആയപ്പോൾ അവൻ അവിടെ തനിയെ ആയിരുന്നു.

1. പിതാവിനോട് സ്വകാര്യമായി പ്രാർഥിക്കുവാൻ കൂടുതൽ സമയം ഉണ്ടായിരിക്കുന്നതിനായി തന്നെ വിട്ടുപോകുവാൻ കർത്താവ് ശിഷ്യന്മാരെ നിർബന്ധിച്ചു—വാ. 22-23.

   മത്താ. 14:22 ഉടനെ അവൻ പുരുഷാരത്തെ പറഞ്ഞയയ്ക്കവേ, ശിഷ്യന്മാരോട് പടകിൽ കയറി തനിക്കു മുമ്പേ അക്കരെ പോകുവാൻ നിർബന്ധിച്ചു.

   മത്താ. 14:23 പുരുഷാരത്തെ അയച്ചശേഷം, അവൻ പ്രാർഥിക്കുവാൻ സ്വകാര്യമായി മലയിലേക്കു കയറിപ്പോയി. രാത്രി ആയപ്പോൾ അവൻ അവിടെ തനിയെ ആയിരുന്നു.

2. പിതാവുമായി ഒന്നായിരിക്കുകയും സ്വർഗരാജ്യം സ്ഥാപിക്കുന്നതിനുവേണ്ടി ഭൂമിയിൽ താൻ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും പിതാവ് തന്നോടുകൂടെ ഉണ്ടായിരിക്കുകയും ചെയ്യത്തക്കവണ്ണം സ്വർഗസ്ഥനായ തന്റെ പിതാവിനോട് സ്വകാര്യമായി പ്രാർഥിക്കേണ്ടത് അവന് ആവശ്യമായിരുന്നു; പിതാവിനെ ബന്ധപ്പെടുവാൻ തനിച്ചായിരിക്കേണ്ടതിന് എല്ലാ ആളുകളെയും, ശിഷ്യന്മാരെപ്പോലും, വിട്ടുകളഞ്ഞുകൊണ്ട് അവൻ ഇത് ചെയ്തത് വിജനമായ സ്ഥലത്തല്ല, മറിച്ച് മലയിലാണ്.

B. മൂന്ന് പദപ്രയോഗങ്ങൾ നാം വിലമതിക്കണം: *പിതാവിനോടുകൂടെ ആയിരിക്കുവാൻ, മലമേൽ, പ്രാർഥനയിൽ.*

1. മറ്റുള്ളവരോടുകൂടെ പ്രാർഥിക്കുന്നത് നല്ലതാണ്, എന്നാൽ പലപ്പോഴും നാം ഒറ്റയ്ക്ക് പ്രാർഥിക്കേണ്ടതാവശ്യമാണ്; മറ്റുള്ളവരോടുകൂടെ നാം പ്രാർഥിക്കുമ്പോൾ, സ്വകാര്യമായി കർത്താവിനോടുകൂടെ പ്രാർഥിക്കുമ്പോൾ ആസ്വദിക്കുന്നതുപോലെ അത്ര ആഴത്തിൽ നമുക്ക് കർത്താവിനെ ആസ്വദിക്കുവാൻ കഴിയുകയില്ല.

2. നാം പ്രാർഥിക്കുമ്പോൾ, നമ്മുടെ സ്വകാര്യ മുറിയിൽ പ്രവേശിച്ച് വാതിൽ അടച്ച് രഹസ്യത്തിൽ കാണുന്ന പിതാവിനോട് നാം പ്രാർഥിക്കണമെന്ന് കർത്താവായ യേശു പോലും നമ്മോടു പറഞ്ഞു (6:6); അപ്പോൾ അവൻ നമ്മോട് എത്ര അടുപ്പമുള്ളവനാണെന്നും നാം അവനോട് എത്ര അടുപ്പമുള്ളവരാണെന്നും നമുക്ക് അനുഭവപ്പെടും.

മത്താ. 6:6 എന്നാൽ നീ, പ്രാർഥിക്കുമ്പോൾ, നിന്റെ സ്വകാര്യമുറിയിലേക്കു പ്രവേശിച്ച്, നിന്റെ വാതിൽ അടച്ചു, രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർഥിക്കുക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു മടക്കിത്തരും.

3. ഒരു "ഉയർന്ന പർവതത്തിൽ" ഉയർന്ന തലത്തിലേക്ക് പോകുവാൻ നാം ജനക്കൂട്ടത്തെയും, നമ്മുടെ കുടുംബത്തെയും, നമ്മുടെ സ്നേഹിതരെയും, സഭയിലെ വിശുദ്ധന്മാരെയും ഉപേക്ഷിക്കുവാൻ പഠിക്കണം; നാം പിതാവുമായി സ്വകാര്യമായും രഹസ്യമായും അടുപ്പമുള്ള കൂട്ടായ്മയിൽ ആയിരിക്കുവാൻ ജനക്കൂട്ടത്തിൽനിന്നും ഭൗമിക കാര്യങ്ങളിൽനിന്നും വേർപെട്ടിരിക്കണം.

**III. സങ്കീർത്തനം 42:7 പറയുന്നു, "ആഴി ആഴിയെ വിളിക്കുന്നു":**

A. നമ്മുടെ ഉള്ളിൽനിന്ന് പുറപ്പെടുന്നവയോടു മാത്രമേ മറ്റുള്ളവർക്ക് ആഴത്തിൽ പ്രതികരിക്കുവാൻ കഴിയുകയുള്ളൂ; ആഴങ്ങളിൽ നിന്നല്ലാത്ത ഒന്നും ഒരിക്കലും മറ്റുള്ളവരുടെ ആഴങ്ങളിൽ എത്തുകയില്ല.

B. നമ്മുടെ ജീവിതത്തിന് ആഴമില്ലെങ്കിൽ, നമ്മുടെ ഉപരിപ്ലവമായ വേല മറ്റുള്ളവരുടെ ജീവിതങ്ങളെ ഉപരിപ്ലവമായി മാത്രമേ ബാധിക്കുകയുള്ളൂ; "ആഴം മാത്രമേ ആഴത്തെ വിളിക്കുന്നുള്ളൂ"; രാജ്യജീവിതം ആഴങ്ങളിലുള്ള ഒരു ജീവിതമാണ്, "താഴേക്ക് വേരൂന്നി മേലേക്ക് ഫലം കായ്ക്കുവാൻ" കഴിയുന്ന ഒരു ജീവിതമാണ്—യെശ. 37:31; പ്ര.നി. പ്രവൃ. 6:7; 12:24; 19:20.

പ്രവൃ. 6:7 ദൈവവചനം വളർന്നു, യെരൂശലേമിൽ ശിഷ്യന്മാരുടെ സംഖ്യ അധികമായി പെരുകി; പുരോഹിതന്മാരുടെ വലിയൊരു സംഖ്യ വിശ്വാസം അനുസരിച്ചു.

പ്രവൃ. 12:24 എന്നാൽ ദൈവവചനം വളർന്നു പെരുകി.

പ്രവൃ. 19:20 അങ്ങനെ, കർത്താവിന്റെ വചനം ശക്തിയോടെ വളർന്നു പ്രബലപ്പെട്ടു.

C. ഒരു വശത്ത്, നല്ല നിലമായ നമ്മുടെ ഹൃദയമെന്ന മണ്ണിൽ ആഴത്തിൽ വേരുന്നുവാൻ ജീവന്റെ വിത്തായ ക്രിസ്തുവിനെ നാം അനുവദിക്കണം (മത്താ. 13:23); മറുവശത്ത്, ക്രിസ്തുവിൽ ജീവനുള്ള സസ്യങ്ങളെന്ന നിലയിൽ, നല്ലദേശത്തിന്റെ യാഥാർഥ്യമായ സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവെന്ന മണ്ണിൽ നാം ആഴത്തിൽ വേരൂന്നേണ്ടതുണ്ട് (1 കൊരി. 3:6, 9; കൊലൊ. 2:6-7):

മത്താ. 13:23 എന്നാൽ നല്ല നിലത്തു വിതയ്ക്കപ്പെട്ടതോ, ഇത് വചനത്തെ കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നവൻ ആകുന്നു, അവൻ എല്ലാ വിധത്തിലും ഫലം കായ്ച്ച്, ഒന്ന് നൂറു

മടങ്ങായും, ഒന്ന് അറുപതു മടങ്ങായും, ഒന്ന് മുപ്പതു മടങ്ങായും ഫലം പുറപ്പെടുവിക്കുന്നു.

1 കൊരി. 3:6 ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവമത്രേ വളരുമാറാക്കിയത്.

1 കൊരി. 3:9 ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിന്റെ കൃഷിയിടം, ദൈവത്തിന്റെ കെട്ടിടം.

കൊലൊ. 2:6 ആകയാൽ നിങ്ങൾ യേശു കർത്താവായ, ക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ, അവനിൽ നടക്കുവിൻ,

കൊലൊ. 2:7 അവനിൽ വേരൂന്നി പണിയപ്പെട്ടുകൊണ്ട്, നിങ്ങളെ ഉപദേശിച്ചതുപോലെ വിശ്വാസത്തിൽ ഉറച്ചും, സ്തോത്രത്തിൽ വർധിച്ചുംകൊണ്ട് തന്നെ.

1. നല്ല നിലം ലൗകിക ഗതാഗതത്താൽ കഠിനമാകാത്തതും, മറഞ്ഞിരിക്കുന്ന പാപങ്ങളില്ലാത്തതും, യുഗത്തിന്റെ ആകുലതയും ധനത്തിന്റെ വഞ്ചനയും ഇല്ലാത്തതുമായ നല്ല ഹൃദയത്തെ സൂചിപ്പിക്കുന്നു; ദൈവത്തിന്റെ വളർച്ചയോടുകൂടെ നാം വളരുവാൻ തക്കവണ്ണം നമ്മുടെ ഹൃദയത്തിൽ ഈ കാര്യങ്ങളോട് ഇടപെടുവാൻ നാം ദിവസവും കർത്താവിനെ അനുവദിക്കേണ്ടതാവശ്യമാണ്—വാ.19.

   കൊലൊ. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

2. നല്ലദേശത്തിന്റെ യാഥാർഥ്യമായ ക്രിസ്തുവിൽ നമ്മെ നട്ടിരിക്കുന്നതുകൊണ്ട്, അവനെ ആഗിരണം ചെയ്യുവാൻ (പ്രത്യേകിച്ച് രാവിലെ അവനോടുകൂടെയുള്ള നമ്മുടെ സമയങ്ങളിൽ) നാം സമയമെടുക്കേണ്ടതാവശ്യമാണ്.

D. വിതയ്ക്കുന്നവൻ വിതച്ചപ്പോൾ, ചില വിത്തുകൾ വഴിയരികിലും, ചിലത് പാറസ്ഥലങ്ങളിലും, ചിലത് മുള്ളുകളിലും, ചിലത് നല്ല നിലത്തും വീണു; മനുഷ്യന് വചനം സ്വീകരിക്കുവാനുള്ള നാല് വ്യത്യസ്ത വഴികളെ ഇത് നമുക്ക് കാണിച്ചുതരുന്നു—മത്താ. 13:4-8, 18-23:

മത്താ. 13:4 അവൻ വിതയ്ക്കുമ്പോൾ ചില വിത്തുകൾ വഴിയരികെ വീണു, പറവകൾ വന്ന് അവയെ വിഴുങ്ങിക്കളഞ്ഞു.

മത്താ. 13:5 വേറെ ചിലത് അധികം മണ്ണില്ലാത്ത പാറസ്ഥലങ്ങളിന്മേൽ വീണു, മണ്ണിനു താഴ്ചയില്ലാത്തതിനാൽ അവ പെട്ടെന്നു മുളച്ചുവന്നു.

മത്താ. 13:6 എന്നാൽ സൂര്യൻ ഉദിച്ചപ്പോൾ അവയ്ക്കു ചൂടേറ്റു; വേരില്ലാത്തതിനാൽ വാടിപ്പോയി.

മത്താ. 13:7 വേറെ ചിലത് മുള്ളുകളിന്മേൽ വീണു, മുള്ളുകൾ പൊങ്ങിവന്ന് അവയെ ഞെരുക്കിക്കളഞ്ഞു.

മത്താ. 13:8 എന്നാൽ വേറെ ചിലത് നല്ല നിലത്തു വീണു ഫലം കായ്ച്ചു, ഒന്ന് നൂറുമടങ്ങ്, ഒന്ന് അറുപതുമടങ്ങ്, ഒന്ന് മുപ്പതുമടങ്ങ്.

മത്താ. 13:18 അതുകൊണ്ട് വിതച്ചവന്റെ ഉപമ നിങ്ങൾ കേൾക്കുവിൻ.

മത്താ. 13:19 ആരെങ്കിലും രാജ്യത്തിന്റെ വചനം കേൾക്കുകയും മനസ്സിലാക്കാതെയും ഇരിക്കുമ്പോൾ, ദുഷ്ടൻ വന്ന് അവന്റെ ഹൃദയത്തിൽ വിതച്ചത് തട്ടിയെടുത്തു കൊണ്ടു പോകുന്നു. ഇതാകുന്നു വഴിയരികെ വിതയ്ക്കപ്പെട്ടത്.

മത്താ. 13:20 പാറകളിന്മേൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേട്ടിട്ട് ഉടനെ സന്തോഷത്തോടുകൂടി അതിനെ കൈക്കൊള്ളുന്നവൻ ആകുന്നു.

മത്താ. 13:21 എങ്കിലും അവനു തന്നിൽത്തന്നെ വേരില്ല, ക്ഷണനേരം മാത്രം നിൽക്കുന്നു, വചനം നിമിത്തം ക്ലേശമോ ഉപദ്രവമോ ഉണ്ടാകുമ്പോൾ, ഉടനെ അവൻ ഇടറിപ്പോകുന്നു.

മത്താ. 13:22 മുള്ളുകളിൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേൾക്കുന്നവൻ ആകുന്നു, യുഗത്തിന്റെ വ്യാകുലതയും ധനത്തിന്റെ വഞ്ചനയും വചനത്തെ നിശ്ശേഷം ഞെരുക്കിക്കളഞ്ഞ്, അതു നിഷ്ഫലമായിത്തീരുന്നു.

മത്താ. 13:23 എന്നാൽ നല്ല നിലത്തു വിതയ്ക്കപ്പെട്ടതോ, ഇത് വചനത്തെ കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നവൻ ആകുന്നു, അവൻ എല്ലാ വിധത്തിലും ഫലം കായ്ച്ച്, ഒന്ന് നൂറു മടങ്ങായും, ഒന്ന് അറുപതു മടങ്ങായും, ഒന്ന് മുപ്പതു മടങ്ങായും ഫലം പുറപ്പെടുവിക്കുന്നു.

1. ഈ വ്യത്യസ്ത അവസ്ഥകളിൽ ഒന്ന് പാറസ്ഥലങ്ങളാണെന്ന് കർത്താവായ യേശു നമ്മോട് പറയുന്നു; ഉപരിതലത്തിൽ അല്പം മണ്ണുണ്ട്, എന്നാൽ അടിയിൽ പാറകളാണ്; വിത്ത് ഇത്തരം നിലത്ത് വീഴുമ്പോൾ, അത് വേഗത്തിൽ മുളച്ചുവരുന്നു, എന്നാൽ സൂര്യൻ ഉദിച്ചയുടനെ, വേരില്ലായ്ക നിമിത്തം അത് വാടിപ്പോകുന്നു—വാ.5-6.

    മത്താ. 13:5 വേറെ ചിലത് അധികം മണ്ണില്ലാത്ത പാറസ്ഥലങ്ങളിന്മേൽ വീണു, മണ്ണിനു താഴ്ച്ചയില്ലാത്തതിനാൽ അവ പെട്ടെന്നു മുളച്ചുവന്നു.

    മത്താ. 13:6 എന്നാൽ സൂര്യൻ ഉദിച്ചപ്പോൾ അവയ്ക്കു ചൂടേറ്റു; വേരില്ലാത്തതിനാൽ വാടിപ്പോയി.

2. മണ്ണിനടിയിൽ സംഭവിക്കുന്ന വളർച്ചയാണ് വേര്; ഇലകൾ മണ്ണിനു മുകളിൽ സംഭവിക്കുന്ന വളർച്ചയാണ്; മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വേരുകൾ മറഞ്ഞിരിക്കുന്ന ജീവനും, അതേസമയം ഇലകൾ പ്രകടമായ ജീവനുമാണ്; അനേകം ക്രിസ്ത്യാനികളുടെയും പ്രശ്നം, കാണത്തക്കവണ്ണമുള്ള ജീവിതം വളരെയുണ്ടെങ്കിലും രഹസ്യമായ, മറഞ്ഞിരിക്കുന്ന ഒരു ജീവിതത്തിന്റെ അഭാവമുണ്ട് എന്നതാണ്.
3. തന്റെ ആളത്തത്തിന്റെ ആഴത്തിൽ ഒന്നുമില്ലാത്ത ക്രിസ്ത്യാനിക്ക് വേരില്ല; പരിശോധനയുടെയും പ്രലോഭനത്തിന്റെയും നാളിൽ അവന് നിൽക്കുവാൻ കഴിയുകയില്ല; നമുക്ക് താഴേക്ക് വേരൂന്നുവാൻ കഴിയത്തക്കവണ്ണം ദൈവം നമ്മിൽ പ്രവർത്തിക്കട്ടെ.
4. വേരില്ലാതിരിക്കുകയെന്നാൽ മറഞ്ഞിരിക്കുന്ന നിധിയോ, മറഞ്ഞിരിക്കുന്ന ജീവിതമോ, മറഞ്ഞിരിക്കുന്ന അനുഭവങ്ങളോ ഇല്ലാതിരിക്കുക എന്നാണ്; നമ്മുടെ ചില അനുഭവങ്ങൾ

മറയ്ക്കപ്പെട്ടിരിക്കേണ്ടത് അനിവാര്യമാണ്; സകലവും അനാവരണം ചെയ്യുന്നത് സകലവും നഷ്ടപ്പെടുത്തുന്നതാണ്—പ്ര.നി. യെശ.39:2-8.

| | |
|---|---|
| യെശ. 39:2 | ഹിസ്കീയാവു അവരെക്കുറിച്ചു സന്തോഷിച്ചു തന്റെ ഭണ്ഡാരഗൃഹവും പൊന്നും വെള്ളിയും സുഗന്ധവർഗ്ഗവും പരിമളതൈലവും ആയുധശാല ഒക്കെയും തന്റെ ഭണ്ഡാരത്തിലുള്ള സകലവും അവരെ കാണിച്ചു; തന്റെ രാജധാനിയിലും തന്റെ ആധിപത്യത്തിൽ പെട്ട സകലത്തിലും ഹിസ്കീയാവു അവരെ കാണിക്കാത്ത ഒരു വസ്തുവും ഇല്ലായിരുന്നു. |
| യെശ. 39:3 | അപ്പോൾ യെശയ്യാപ്രവാചകൻ ഹിസ്കീയാരാജാവിന്റെ അടുക്കൽ വന്നു അവനോടു: ഈ പുരുഷന്മാർ എന്തു പറഞ്ഞു? അവർ എവിടെനിന്നു നിന്റെ അടുക്കൽ വന്നു എന്നു ചോദിച്ചതിന്നു ഹിസ്കീയാവു: അവർ ഒരു ദൂരദേശത്തുനിന്നു, ബാബേലിൽനിന്നു തന്നേ; എന്റെ അടുക്കൽ വന്നിരിക്കുന്നു എന്നു പറഞ്ഞു. |
| യെശ. 39:4 | അവർ നിന്റെ രാജധാനിയിൽ എന്തെല്ലാം കണ്ടു എന്നു ചോദിച്ചതിന്നു ഹിസ്കീയാവു: എന്റെ രാജധാനിയിൽ ഉള്ളതൊക്കെയും അവർ കണ്ടു; എന്റെ ഭണ്ഡാരത്തിൽ ഞാൻ അവരെ കാണിക്കാത്ത ഒരു വസ്തുവും ഇല്ല എന്നുത്തരം പറഞ്ഞു. |
| യെശ. 39:5 | അപ്പോൾ യെശയ്യാവു ഹിസ്കീയാവിനോടു പറഞ്ഞതു: സൈന്യങ്ങളുടെ യഹോവയുടെ വചനം കേട്ടുകൊൾക: |
| യെശ. 39:6 | നിന്റെ രാജധാനിയിൽ ഉള്ളതൊക്കെയും നിന്റെ പിതാക്കന്മാർ ഇന്നുവരെ ശേഖരിച്ചുവെച്ചിട്ടുള്ളതും ഒട്ടൊഴിയാതെ ബാബേലിലേക്കു എടുത്തു കൊണ്ടുപോകുന്ന കാലം വരുന്നു! |
| യെശ. 39:7 | നീ ജനിപ്പിച്ചവരായി നിന്നിൽനിന്നുത്ഭവിക്കുന്ന നിന്റെ പുത്രന്മാരിലും ചിലരെ അവർ കൊണ്ടുപോകും; അവർ ബാബേൽരാജാവിന്റെ രാജധാനിയിൽ ഷണ്ഡന്മാരായിരിക്കും എന്നു യഹോവ അരുളിച്ചെയ്യുന്നു. |
| യെശ. 39:8 | അതിന്നു ഹിസ്കീയാവു യെശയ്യാവോടു: നീ പറഞ്ഞിരിക്കുന്ന യഹോവയുടെ വചനം നല്ലതു എന്നു പറഞ്ഞു; എങ്കിലും എന്റെ ജീവകാലത്തു സമാധാനവും സത്യവും ഉണ്ടായിരിക്കുമല്ലോ എന്നും അവൻ പറഞ്ഞു. |

**IV. ആഴങ്ങളിലുള്ള ഒരു ജീവിതം നയിക്കുന്നതിന്, കർത്താവുമായി നേരിട്ടും അടുപ്പമുള്ളതുമായ കൂട്ടായ്മ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്; ഉത്തമഗീതം 4:12 പറയുന്നു: "എന്റെ സഹോദരി, എന്റെ കാന്ത കെട്ടി അടച്ചിരിക്കുന്ന ഒരു തോട്ടം, അടച്ചിരിക്കുന്ന ഒരു നീരുറവ്, മുദ്രയിട്ടിരിക്കുന്ന ഒരു കിണർ":**

A. അവളുടെ ആത്മിക പുരോഗതിയുടെ ഈ ഘട്ടത്തിൽ, കർത്താവിന്റെ സ്നേഹാന്വേഷക ക്രിസ്തുവിന്റെ സ്വകാര്യ സംതൃപ്തിക്കുള്ള ഒരു തോട്ടമായിത്തീർന്നിരിക്കുന്നു.

B. അവൾ ഒരു തുറന്ന തോട്ടമല്ല, മറിച്ച് കെട്ടി അടച്ചിരിക്കുന്ന ഒരു തോട്ടമാണ്; അവൾക്കുള്ളതെല്ലാം അവളുടെ പ്രിയതമന്റെ സന്തോഷത്തിനുവേണ്ടിയാണ്, മറ്റാർക്കും വേണ്ടിയല്ല.

C. ഇന്നത്തെ വിശ്വാസികൾ ഒരല്പംകൂടി അടയ്ക്കുകയും മുറുക്കി മുദ്രയിടുകയും ചെയ്യുമെങ്കിൽ അവരുടെ വേല കൂടുതൽ പ്രബലമായിത്തീരും.

D. ദൈവത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും അവന്റെ ഹൃദയത്തെ തൃപ്തിപ്പെടുത്തുന്നതിനുമായി ആഴത്തിൽ വേരൂന്നുവാനും ആഴങ്ങളിൽ മറഞ്ഞിരിക്കുന്ന ഒരു ജീവിതം നയിക്കുവാനും നമുക്ക് കഴിയത്തക്കവണ്ണം കർത്താവ് നമുക്ക് കൃപ നൽകുകയും ക്രൂശിലൂടെ നമ്മിൽ ആഴത്തിലുള്ള ഒരു പ്രവൃത്തി ചെയ്യുകയും ചെയ്യട്ടെ.

**ശുശ്രൂഷയിൽനിന്നുള്ള ഉദ്ധരണികൾ:**

**ഒന്നാം ദൈവമനുഷ്യന്റെ നിഗൂഢമായ മനുഷ്യജീവിതത്തിലുള്ള ദിവ്യ വസ്തുതകൾ**

**അയ്യായിരം പേർക്ക് ഭക്ഷണം നൽകുന്ന അത്ഭുതത്തിൽ**

**സ്വകാര്യമായി പ്രാർഥിക്കുവാൻ മലയിലേക്ക് പോകുന്നത്**

**അവനിൽനിന്നും പഠിക്കുവാൻ തന്റെ ശിഷ്യന്മാരെ പരിശീലിപ്പിക്കുന്നു.**

അത്ഭുതം പ്രവർത്തിച്ചതിനുശേഷം കർത്താവ് സ്വകാര്യമായി പ്രാർഥിക്കുവാൻ മലയിലേക്കു പോയി (മത്താ. 14:23; ലൂക്കൊ. 6:12).

**അത്ഭുതത്തിന്റെ കാര്യത്തിൽ കർത്താവ് ജനക്കൂട്ടത്തോടുകൂടെ തുടരുന്നില്ല**

അത്ഭുതത്തിന്റെ കാര്യത്തിൽ കർത്താവ് ജനക്കൂട്ടത്തോടുകൂടെ തുടർന്നില്ല, മറിച്ച് പിതാവിനോടുകൂടെയായിരിക്കുന്നതിന് പ്രാർഥനയിലായിരിക്കുവാൻ അവൻ അവരെ വിട്ടുപോയി. നാം ഒരു സ്ഥലത്തേക്ക് പോകുകയും അവിടെ ഒരു വിജയം ഉണ്ടായിരിക്കുകയും ചെയ്താൽ നാം ഉടനെ അവിടം വിട്ടുപോകുമോ അതോ അത് ആസ്വദിക്കുവാൻ ആ വലിയ വിജയത്തിൽ തുടരുമോ? നാം കർത്താവായ യേശുവിന്റെ മാതൃക കാണുകയും പിന്തുടരുകയും വേണം. അവൻ ചെയ്ത വലിയ അത്ഭുതത്തിന്റെ കാര്യത്തിൽ അവൻ അവിടെ തങ്ങിയില്ല. പകരം, സ്വകാര്യമായി പ്രാർഥിക്കുവാൻ അവൻ മലയിലേക്ക് പോയി. *സ്വകാര്യമായി* എന്ന വാക്ക് വളരെ അർഥവത്താണ്. അതിനർത്ഥം അവൻ പ്രാർഥിക്കുവാൻ പോകുന്നുവെന്ന് ആളുകളെ അറിയിച്ചില്ല എന്നാണ്. അല്ലെങ്കിൽ, അവർ അവനെ അനുഗമിക്കുമായിരുന്നു. സ്വകാര്യമായി പ്രാർഥനയിൽ പിതാവിനോടുകൂടെയായിരിക്കുവാൻ അവൻ അവരെ വിട്ടുപോയി. ഈ മൂന്ന് പദപ്രയോഗങ്ങൾ എനിക്കിഷ്ടമാണ്: *പിതാവിനോടുകൂടെ, പർവതത്തിൽ, പ്രാർഥനയിൽ.* അവനോടുകൂടെ പ്രാർഥനയിൽ പർവതത്തിലായിരിക്കുവാൻ വ്യായാമം ചെയ്യുന്നതിലൂടെ നാം ഇവിടെയുള്ള കർത്താവിന്റെ മാതൃകയിൽനിന്ന് പഠിക്കണം. അവൻ സ്വർഗത്തിലേക്ക് നോക്കി എന്നത് അവന് തന്നിൽത്തന്നെ ആശ്രയമുണ്ടായിരുന്നില്ലെന്ന് അർഥമാക്കുന്നു. അവൻ പർവതത്തിലേക്ക്

കയറിപ്പോയി എന്നതിനർഥം അവൻ പ്രാർഥനയിൽ പിതാവിനോടുകൂടെയായിരിക്കുവാൻ ആഗ്രഹിച്ചു എന്നാണ്.

മറ്റുള്ളവരോടുകൂടെ പ്രാർഥിക്കുന്നത് നല്ലതാണ്, എന്നാൽ പലപ്പോഴും നാം ഒറ്റയ്ക്ക് പ്രാർഥിക്കേണ്ടതാവശ്യമാണ്. മറ്റുള്ളവരോടുകൂടെ നാം പ്രാർഥിക്കുമ്പോൾ, സ്വകാര്യമായി കർത്താവിനോടുകൂടെ പ്രാർഥിക്കുമ്പോൾ ആസ്വദിക്കുന്നതുപോലെ അത്ര ആഴത്തിൽ നമുക്ക് കർത്താവിനെ ആസ്വദിക്കുവാൻ കഴിയുകയില്ല. നാം പ്രാർഥിക്കുമ്പോൾ, നമ്മുടെ സ്വകാര്യ മുറിയിൽ പ്രവേശിച്ച് വാതിൽ അടച്ച് രഹസ്യത്തിൽ കാണുന്ന പിതാവിനോട് നാം പ്രാർഥിക്കണമെന്ന് കർത്താവായ യേശു പോലും നമ്മോടു പറഞ്ഞു (6:6); അപ്പോൾ അവൻ നമ്മോട് എത്ര അടുപ്പമുള്ളവനാണെന്നും നാം അവനോട് എത്ര അടുപ്പമുള്ളവരാണെന്നും നമുക്ക് അനുഭവപ്പെടും.ഒരു "ഉയർന്ന പർവതത്തിൽ" ഉയർന്ന തലത്തിലേക്ക് പോകുവാൻ നാം ജനക്കൂട്ടത്തെയും, നമ്മുടെ കുടുംബത്തെയും, നമ്മുടെ സ്നേഹിതരെയും, സഭയിലെ വിശുദ്ധന്മാരെയും ഉപേക്ഷിക്കുവാൻ പഠിക്കണം; നാം ജനക്കൂട്ടത്തിൽനിന്നും ഭൗമിക കാര്യങ്ങളിൽനിന്നും വേർപെട്ടിരിക്കുകയും, പിതാവുമായി സ്വകാര്യമായും രഹസ്യമായും അടുപ്പമുള്ള കൂട്ടായ്മയിൽ ആയിരിക്കുകയും വേണം. നാം താഴ്ന്ന തലത്തിലുള്ള ഭൗമിക കാര്യങ്ങളിൽനിന്നും വളരെ അകലെ, ഉയരത്തിലേക്ക് പോകേണ്ടതുണ്ട്. പിതാവുമായി സ്വകാര്യമായും രഹസ്യമായും അടുപ്പമുള്ള കൂട്ടായ്മയിൽ ആയിരിക്കുന്നതിന്, ജനക്കൂട്ടത്തിൽനിന്നും വേർപെട്ട്, ഉയർന്ന തലത്തിലേക്ക് നാം കടക്കേണ്ടതുണ്ട്. പ്രാർഥനയിൽ പർവതത്തിലായിരിക്കുന്നതിന്റെ പ്രാധാന്യം ഇതാണ്.

### അത്ഭുതത്തിന്റെ ഫലം ആസ്വദിക്കുന്നതിൽ പങ്കെടുത്ത എല്ലാവരെയും അനുഗ്രഹിക്കുവാൻ പിതാവിനോട് അപേക്ഷിക്കുന്നു

ഈ അത്ഭുതത്തിനു തൊട്ടുപിന്നാലെ കർത്താവായ യേശു മലയിലേക്ക് പോയത് എന്തുകൊണ്ടാണെന്ന് നാം പരിഗണിക്കേണ്ടതാവശ്യമാണ്. യോഹന്നാൻ 6:27 അതിനുള്ള കാരണം നൽകുന്നു. അത്ഭുതം പ്രവർത്തിച്ചതിനുശേഷം, കർത്താവ് പറഞ്ഞു: “നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിത്തന്നെ പ്രവർത്തിക്കുവിൻ; അത് മനുഷ്യപുത്രൻ നിങ്ങൾക്കു നല്കും; എന്തെന്നാൽ അവനെ പിതാവ്, ദൈവം തന്നെ, മുദ്രയിട്ടിരിക്കുന്നു.” നശിച്ചുപോകുന്ന ആഹാരം അന്വേഷിക്കരുത്, മറിച്ച് നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരം അന്വേഷിക്കുക എന്ന് താൻ പോഷിപ്പിച്ചവരോട് കർത്താവ് പറഞ്ഞു. കർത്താവായ യേശു താഴെ പറയുംപ്രകാരം പ്രാർഥിക്കുവാൻ മലയിലേക്ക് പോയെന്ന് ഞാൻ വിശ്വസിക്കുന്നു: “പിതാവേ, നിന്റെ അനുഗ്രഹത്തിൻകീഴിൽ ഞാൻ നിന്നോട് പ്രാർഥിക്കുന്നു. നിന്റെ അനുഗ്രഹത്താൽ നീ അയ്യായിരംപേരെ പോഷിപ്പിച്ചു, എന്നാൽ പിതാവേ, അവർ കേവലം നശിച്ചുപോകുന്ന ആഹാരം അന്വേഷിക്കുന്നു. നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരം അവർ അന്വേഷിക്കുവാൻ നീ അവരെ അനുഗ്രഹിക്കുന്നതിനായി ഞാൻ നിങ്കലേക്ക് നോക്കുന്നു. പിതാവേ, ഞാൻ നിന്റെ അയയ്ക്കപ്പെട്ടവനാണെന്ന് നീ അറിയുന്നു. നിത്യജീവങ്കലേക്ക് നിലനിൽന്ന ആഹാരം അവർക്ക് കൊടുക്കുവാൻ എനിക്കു മാത്രമേ കഴിയുകയുള്ളൂ, എന്നാൽ അവർ ഈ വിധത്തിൽ എന്നെ അറിയുന്നില്ല. ഭൗതിക ആഹാരംകൊണ്ട് അവരെ പോഷിപ്പിക്കുന്നതിന് എനിക്ക് ഒരു അത്ഭുതം ചെയ്യുവാൻ കഴിയുമെന്ന് മാത്രമേ

അവർ അറിയുന്നുള്ളൂ. എന്നാൽ നിത്യജീവൻ പ്രാപിക്കാവുന്ന ആഹാരം എനിക്ക് മാത്രമേ നൽകുവാൻ കഴിയുകയുള്ളൂവെന്ന് അവർക്കറിയില്ല." ഈ വിധത്തിൽ അവരെ കൂടുതൽ അനുഗ്രഹിക്കുവാൻ കർത്താവ് പ്രാഥിച്ചുവെന്ന് ഞാൻ വിശ്വസിക്കുന്നു.

യേശു സ്വകാര്യമായി മലയിലേക്ക് പ്രാർഥിക്കുവാൻ പോയത്, അത്ഭുതത്തിന്റെ ഫലമായുണ്ടായ ആസ്വാദനത്തിൽ പങ്കെടുത്ത എല്ലാവരും നശിച്ചുപോകുന്ന ആഹാരത്തിൽ തൃപ്തരാകാതെ നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരം അവർ അന്വേഷിക്കുന്നതിനും, അവൻ മനുഷ്യപുത്രൻ മാത്രമല്ല, ദൈവപുത്രനും ആണെന്നും പിതാവിനാൽ അയയ്ക്കപ്പെട്ടവനും മുദ്രയിടപ്പെട്ടവനുമാണെന്നും അവർക്ക് നിത്യജീവൻ കൊടുക്കുവാൻ അവന് കഴിയുമെന്നും അവർ തിരിച്ചറിയുന്നതിനുമായി അവരെ അനുഗ്രഹിക്കണമെന്ന് പിതാവിനോട് അപേക്ഷിക്കുന്നതിനാണെന്ന് സൂചിപ്പിക്കുന്നു. അയ്യായിരംപേർ അവനാൽ പോഷിപ്പിക്കപ്പെട്ടപ്പോൾ, അവൻ കഴിവുള്ള മനുഷ്യപുത്രനാണെന്ന് അവർ തിരിച്ചറിഞ്ഞു, എന്നാൽ അവൻ വാസ്തവത്തിൽ പിതാവിനാൽ അയയ്ക്കപ്പെട്ടവൻ മാത്രമല്ല, പിന്നെയോ മുദ്രയിടപ്പെട്ടവനുമായ ദൈവപുത്രനാണെന്ന് അവർ മനസ്സിലാക്കിയില്ല. നിത്യജീവനുമായി ബന്ധപ്പെട്ട അപ്പം അവർക്ക് നൽകുവാൻ കഴിയുന്നത് അവനായിരുന്നു. ഇക്കാരണത്താൽ യോഹന്നാൻ 6-ൽ അവന് മറ്റൊരു ഉപദേശം ഉണ്ടായിരുന്നു. യോഹന്നാൻ 6-ൽ കർത്താവ് വെളിപ്പെടുത്തിയത്, അവൻ സ്വർഗത്തിൽനിന്നുള്ള അപ്പം, ജീവന്റെ അപ്പം ആകുന്നു എന്നാണ്. ഒടുവിൽ, ഈ അപ്പം അവന്റെ വചനമാണെന്ന് അവൻ പറഞ്ഞു. "ഞാൻ നിങ്ങളോട് സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു" (വാ. 63). അവൻ വചനം സംസാരിക്കുകയും അവൻ അളവില്ലാതെ ആത്മാവിനെ നൽകുകയും ചെയ്യുന്നുവെന്ന് യോഹന്നാൻ 3:34 പറയുന്നു. ഈ വിധത്തിൽ അവനെ അറിയുന്നതിന് ഒരു വെളിപാട് ആവശ്യമാണ്, അതിനാൽ അവൻ അവർക്കുവേണ്ടി മലയിൽ സ്വകാര്യമായി പ്രാർഥിച്ചു.

### പിതാവിൽനിന്നും ഏതാനും നിർദ്ദേശങ്ങൾ സ്വികരിക്കുന്നു

പ്രാർഥിക്കുവാൻ സ്വകാര്യമായി മലയിലേക്ക് അവൻ കയറിപ്പോയത്, തന്റെ അത്ഭുതത്താൽ പോഷിപ്പിക്കപ്പെട്ട അയ്യായിരംപേരെ എങ്ങനെ പരിപാലിക്കണം എന്നതിനെക്കുറിച്ചുള്ള ഏതാനും നിർദ്ദേശങ്ങൾ പിതാവിൽനിന്ന് സ്വീകരിക്കുവാൻ അവൻ ആഗ്രഹിച്ചുവെന്നും സൂചിപ്പിക്കുന്നു.

മത്തായി 14-ന്റെ ഈ ക്രിസ്റ്റലൈസേഷൻ പഠനത്തിൽ, അവന്റെ വചനത്തിന്റെ അന്തഃസ്ഥിതമായ പ്രാധാന്യം കാണുവാൻ നമുക്ക് കർത്താവിൽനിന്നും എത്രമാത്രം വെളിപാട് ആവശ്യമാണെന്ന് നമുക്ക് കാണുവാൻ കഴിയും. അഞ്ച് അപ്പവും രണ്ട് മീനും കൊണ്ട് അയ്യായിരം പേരെ പോഷിപ്പിക്കുന്ന അത്ഭുതം കാണുവാൻ എളുപ്പമാണ്, എന്നാൽ ഈ വലിയ അത്ഭുതം ചെയ്തവനിൽനിന്ന് നാം പഠിക്കേണ്ട ആഴമേറിയ പാഠങ്ങൾ അറിയുവാൻ വെളിപാട് ആവശ്യമാണ്. ഈ പാഠങ്ങൾ അന്തഃസ്ഥിതവും, ആഴമേറിയതും, ജീവിനിൽനിന്നുള്ളതുമാണ്. കർത്താവ് ചെയ്ത വലിയ അത്ഭുതം അറിയുന്നതുകൊണ്ട് നമുക്ക് യാതൊരു ജീവനും നൽകപ്പെടുന്നന്നില്ല. കർത്താവിന്റെ ബാഹ്യമായ പ്രവൃത്തികളെ അഭിനന്ദിക്കുവാൻ മാത്രമേ നമുക്ക് കഴിയുകയുള്ളൂ. എന്നാൽ അത്ഭുതം പ്രവർത്തിക്കുന്ന അവന്റെ രീതിയിൽ കർത്താവിൽനിന്നും പഠിക്കുന്നതിന്, ജീവന്റെ പാഠങ്ങളെ സംബന്ധിച്ചുള്ള എല്ലാ വിശദമായ പോയിന്റുകളും കാണുന്നത് നമുക്ക് ജീവൻ

പകരുന്നു. നാം ദൈവ-മനുഷ്യജീവിതത്തിലേക്ക് പ്രവേശിക്കുവാൻ കഴിയത്തക്കവണ്ണം കർത്താവിൽനിന്നുള്ള ഈ ജീവനുള്ള പാഠങ്ങൾ നാം പഠിക്കേണ്ടതാവശ്യമാണ്. (*The Collected Works of Witness Lee, 1994–1997,* vol. 3, “The God-man Living,”pp. 564-566)